പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4526 — 29.06.2012 ൽ മറുപടിയ്ക്ക്

## ജാതി സെൻസസിന്റെ ഭാഗമായി ചെറുപുഴ ആറാട്ടുകടവ് കോളനിയിൽ കർണാടക സ്റ്റിക്കർ പതിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻ നായർ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | ഇന്ത്യയൊട്ടാകെ നടക്കുന്ന ജാതി സെൻസസിന്റെ ഭാഗമായി കേരള-കർണാടക അതിർത്തിയിലെ ചെറുപുഴ പഞ്ചായത്തിലെ ആറാട്ടുകടവ് കോളനിയിലെ വീടുകളിൽ കർണാടക സ്റ്റിക്കർ പതിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | കണ്ണൂർ ജില്ലയിൽ ഏപ്രിൽ 10 ന് ആരംഭിച്ച സോഷ്യോ എക്കണോമിക് ആന്റ് കാസ്റ്റ് സെൻസസുമായി ബന്ധപ്പെട്ട് പയ്യന്നൂർ ബ്ലോക്കിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ പുളിങ്ങോം വില്ലേജിൽ 211-ാം നമ്പർ എന്യൂമറേഷൻ ബ്ലോക്ക് ഉൾപ്പെടുന്ന ആറാട്കടവ് കോളനിയിൽ എന്യൂമറേറ്റർമാർ സെൻസസിന് പോയപ്പോൾ അവിടെ കർണ്ണാടക സർക്കാർ നടത്തിയ സെൻസസിന്റെ സ്റ്റിക്കറുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. എന്നിരുന്നാലും 211-ാം നമ്പർ അബ്രിഡ്ജ്ഡ് ഹൗസ് ഹോൾഡ് ലിസ്റ്റ് (സംക്ഷിപ്ത വീട് വിവര പട്ടിക) പ്രകാരം ആറാട്ട് കടവ് കോളനി നിവാസികളുടെ വിവരങ്ങൾ ഉണ്ടായിരുന്നതിനാൽ എന്യൂമറേറ്റർമാർ എന്യൂമറേഷൻ നടത്തുകയും കേരള സ്റ്റിക്കർ പതിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും രീതിയിലുള്ള അന്വേഷണം നടത്തിയോ; വ്യക്തമാക്കുമോ; | ബി) & സി) | വിവരം ശേഖരിച്ചു വരുന്നു. |
| സി) | പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ